ആദിവാസി കോളനികളിൽ പട്ടിണിയും രോഗവുംമൂലമുള്ള അകാലമരണങ്ങൾ തടയുന്നതിന് നടപടി

18 [2998] *ശ്രീ. കെ. രാധാകൃഷ്ണൻ:*

„ *കെ. കെ. ജയചന്ദ്രൻ:*

„ *എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി കോളനികളിൽ പട്ടിണിയും രോഗവും പോഷകാഹാരക്കുറവും മൂലമുള്ള അകാലമരണങ്ങൾ തടയുന്നതിന് ട്രൈബൽ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; ഇത്തരം മരണങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുകയും വിതരണം ചെയ്ത ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുകയുമാണ് ട്രൈബൽ മിഷന്റെ ദൗത്യം.

സ്വകാര്യവൽക്കരിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന റസ്റ്റ് ഹൗസുകൾ

19 [2999] *ശ്രീ. വി. ഡി. സതീശൻ:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *സി. പി. മുഹമ്മദ്:*

„ *വർക്കല കഹാർ:*

„ *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ലാഭത്തിൽ നടത്തപ്പെടുന്നവമാത്രമാണോ അതോ നഷ്ടത്തിൽ നടത്തപ്പെടുന്നവമാത്രമാണോ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചിരുന്നത്;

(ബി) സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിക്കപ്പെട്ട റസ്റ്റ് ഹൗസുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇതുവരെ എത്ര റസ്റ്റ് ഹൗസുകൾ സ്വകാര്യവൽക്കരിക്കപ്പെട്ടു; അവ ഏതെല്ലാമാണ്; ഇവ ലാഭത്തിൽ നടക്കുന്നവയായിരുന്നോ; നഷ്ടത്തിൽ നടക്കുന്നവയായിരുന്നുവോ;

(ഡി) റസ്റ്റ് ഹൗസുകളുടെ സ്വകാര്യവൽക്കരണത്തിന് കൺസൾട്ടന്റിനെ നിയമിച്ചിരുന്നുവോ; എങ്കിൽ ആരെയാണ്;

(ഇ) കൺസൾട്ടൻസി ഫീസിനത്തിൽ ഇതുവരെ എന്തു തുക കൊടുത്തു എന്നറിയിക്കാമോ?

GPM. 2/608/2012—9

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലാഭനഷ്ടകണക്കുകൾ പരിശോധിച്ചല്ല റസ്റ്റ് ഹൗസുകൾ തിരഞ്ഞെടുത്തിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതുവഴി വാണിജ്യപരമായ മൂല്യം വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന റസ്റ്റ് ഹൗസുകളെയാണ് സ്വകാര്യവൽക്കരിക്കുവാൻ തിരഞ്ഞെടുത്തത്.

(ബി) മൂന്നാർ, തൃശ്ശൂർ, ഫറോക്ക്, പൊന്മുടി, ആലുവ, വൈക്കം.

(സി) മൂന്നാർ, ആലുവ, വൈക്കം എന്നീ റസ്റ്റ് ഹൗസുകളാണ് തിരഞ്ഞെടുക്കപ്പെട്ട ബിഡർമാർക്ക് കൈമാറിയത്.

(ഡി) ഉണ്ട്. M/s. I.D.F.C. Ltd., Bangalore.

(ഇ) തിരഞ്ഞെടുക്കപ്പെട്ട ബിഡർമാർ ബിഡ് പ്രോസസിംഗ് ചാർജ്ജ് ഇനത്തിൽ ആകെ 3.5 ലക്ഷം രൂപ കൺസൾട്ടന്റ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ ഭരണാനുമതി ലഭിച്ച പണികൾ

20 [3000] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നെടുപുഴ ഗവൺമെന്റ് വനിതാ പോളിടെക്നിക്കിൽ പുതിയ ഓഡിറ്റോറിയവും ഹാളും പണിയുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള റോഡുകൾ ഏതൊക്കെയാണ്; ഇതിന് ഭരണാനുമതി അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പഴുവിൽ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുപുഴ ഗവൺമെന്റ് വനിതാ പോളിടെക്നിക്കിൽ പുതിയ ഓഡിറ്റോറിയവും ഹാളും പണിയുന്നതിനുള്ള 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 13-5-2005-ൽ ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) സാങ്കേതിക വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly